പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 218

08.06.2015-ൽ മറുപടിക്ക്.

## ജനമൈത്രി പോലീസ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.ടി.എൻ. പ്രതാപൻ<br>ശ്രീ.വി.ഡി.സതീശൻ | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ജനമൈത്രി പോലീസ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | : | (എ) ജനമൈത്രി സുരക്ഷാ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങളോട് സൗഹാർദ്ദപരമായി ഇടപെടുന്നതിനും നാട്ടിൽ സമാധാനം നിലനിർത്തുന്നതിനുമായി ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ആഭിമുഖ്യത്തിൽ ബീറ്റ് ഓഫീസർമാർക്ക് പദ്ധതിയുടെ അടിസ്ഥാനപാഠങ്ങൾ നല്കുന്നതിനായി ബേസിക് ട്രെയിനിംഗ് പ്രോഗ്രാമുകളും, തുടർ പരിശീലന പരിപാടികളും നടത്തുന്നുണ്ട്. ഇതിനുപുറമെ വ്യത്യസ്ത വിഷയങ്ങളെ ആസ്പദമാക്കി കൃത്യമായ ഇടവേളകളിൽ സി.ആർ.ഒ മാർക്കും മറ്റ് ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർക്കും വേണ്ടി സംസ്ഥാന, ജില്ലാ തലങ്ങളിൽ സെമിനാറുകളും, ശില്പശാലകളും നടത്തിവരുന്നു. |
| (ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ | : | (ബി) Influence of Janamaithri Suraksha Project on the Communities എന്ന വിഷയത്തിൽ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കൊച്ചിയും, An evaluation of the Community Policing programme in Kerala എന്ന വിഷയത്തിൽ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് എന്ന സ്ഥാപനവും പഠനം നടത്തിയിട്ടുണ്ട്. പഠന റിപ്പോർട്ടുകൾ www.keralapolice.org എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | : | (സി) റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ